നം : ഇ3 -30654/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 31/08/2017
Email - swdkerala@gmail.com
Phone : 0471 – 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്
തിരുവനന്തപുരം

ഉണ്ണികൃഷ്ണൻ ആർ
തുണ്ടുവിളാകത്തു വീട്
ശാർക്കര, ചിറയിൻകീഴ്

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ് – വിവരാവകാശം – മറുപടി നൽകുന്നത് – സംബന്ധിച്ച്.
സൂചന :- താങ്കളുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ.

സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരാവകാശ പ്രകാരമുള്ള ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

1. വകുപ്പിന്റെ കീഴിൽ ആകെ 1327 സൂപ്പർവൈസർ തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ 25 അങ്കണവാടികൾക്ക് ഒരു സൂപ്പർവൈസർ തസ്തിക എന്ന മാനദണ്ഡ പ്രകാരം കേന്ദ്ര സർക്കാർ ആണ് തസ്തിക അനുവദിക്കുന്നത്.
2. നിലവിലുള്ള വിശേഷാൽ ചട്ടങ്ങൾക്കനുസൃതമായാണ് സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള നിയമനം അനുവദിക്കുന്നത്. (G.O.(P) No. 54/2010/സാ.നീ.വ തീയതി 10/08/2010 & G.O.(P) No. 78/2012/സാ.നീ.വ തീയതി 27/12/2012 പ്രകാരമുള്ള ഉത്തരവുകൾ.)
3. 31.07.2017 ലെ കണക്കനുസരിച്ച് 1126 സൂപ്പർവൈസർമാർ ജോലി നോക്കുന്നു.
    1. തിരുവനന്തപുരം - 89
    2. കൊല്ലം - 85
    3. പത്തനംതിട്ട - 50
    4. ആലപ്പുഴ - 76
    5. കോട്ടയം - 66
    6. ഇടുക്കി - 66

Dh

7. എറണാകുളം - 88
8. തൃശ്ശൂർ - 95
9. പാലക്കാട് - 98
10. മലപ്പുറം - 133
11. കോഴിക്കോട് - 93
12. വയനാട് - 44
13. കണ്ണൂർ - 88
14. കാസർഗോഡ് - 55

4. 31/07/2017 ന് സൂപ്പർവൈസർ തസ്തികയിൽ 201 ഒഴിവുകൾ ഉണ്ട്. അവയിൽ റാങ്ക് ലിസ്റ്റ് നിലവിലുള്ള ജനറൽ വിഭാഗത്തിന്റെയും ബിരുദമുള്ള അംഗൻവാടി വർക്കർ വിഭാഗത്തിന്റെയും ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സൂപ്പർവൈസർ തസ്തികയിൽ ഉള്ള 201 ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. ഒഴിവുകളുടെ എണ്ണം സ്ഥലംമാറ്റം അനുവദിക്കുന്നതിനനുസരിച്ച് വ്യത്യാസം ഉണ്ടായിരിക്കുന്നതാണ്.

1. തിരുവനന്തപുരം - 23
2. കൊല്ലം – 20
3. പത്തനംതിട്ട – 10
4. ആലപ്പുഴ – 12
5. കോട്ടയം – 19
6. ഇടുക്കി – 18
7. എറണാകുളം – 20
8. തൃശ്ശൂർ - 19
9. പാലക്കാട് – 16
10. മലപ്പുറം – 8
11. കോഴിക്കോട് – 12
12. വയനാട് – 3
13. കണ്ണൂർ - 12
14. കാസർഗോഡ് – 9

റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെയും റിപ്പോർട്ട് ചെയ്യാൻ അവശേഷിക്കുന്ന ഒഴിവുകളുടേയും വിശദാംശങ്ങൾ താഴെ പറയുന്നു.

| | | | | |
|---|---|---|---|---|
| 1. ജനറൽ വിഭാഗം - | E3- 19535/16 | dt. 2/06/2016 | – 9 | 34 |
| (PSC യ്ക്ക് റിപ്പോർട്ട് ചെയ്തത്) | E3 – 40604/15 | dt. 17/06/2017 | - 1 | |
| | E3 – 40604/15 | dt. 17/06/2017 | - 1 | |
| | E3- 19535/16 | dt 25/07/2017 | - 23 | |

Dh

(ഇതിൽ 9 പേർക്കുള്ള നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്. നിയമന നടപടി സ്വീകരിച്ച് വരുന്നു.)

ജനറൽ വിഭാഗത്തിൽ 2017 ജൂൺ, ജൂലൈ മാസങ്ങളിൽ ഉണ്ടായിട്ടുള്ള 38 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

2. ബിരുദവും 10 വർഷ സേവനവും ഉള്ള വർക്കർ വിഭാഗം ഒഴിവുകൾ (PSC യ്ക്ക് റിപ്പോർട്ട് ചെയ്തത്)

| | | | |
|---|---|---|---|
| E3- 21128/11 | dt. 20/12/2013 | – | 38 |
| E3- 21128/11 | dt. 11/11/2014 | – | 17 |
| E3- 29483/15 | dt. 16/07/2015 | – | 14 |
| E3- 29483/15 | dt. 16/07/2015 | – | 24 |
| E3- 29483/15 | dt. 31/03/2016 | – | 35 |
| E3- 29483/15 | dt. 21/01/2016 | – | 5 |
| E3- 29483/15 | dt. 2/06/2016 | – | 5 |

---------------

ആകെ 138

5. പത്ത് വർഷത്തെ സർവ്വീസും ബിരുദവുമുള്ള അംഗൻവാടി വർക്കർമാർക്ക് നീക്കി വച്ചിട്ടുള്ള തസ്തികകൾ 146. ഇതിൽ 88 ഒഴിവുകളാണ് നിലവിലുള്ളത്.

6. ബിരുദ വിഭാഗത്തിൽ PSC യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതും റിപ്പോർട്ട് ചെയ്യപ്പെടാനുള്ള ഒഴിവുകളുടെയും വിശദാംശങ്ങൾ താഴെ പറയുന്നു.

ബിരുദവും 10 വർഷ സേവനവും ഉള്ള വർക്കർ വിഭാഗം ഒഴിവുകൾ (റിപ്പോർട്ട് ചെയ്തത്) * -

| | | | |
|---|---|---|---|
| E3- 21128/11 | dt. 20/12/2013 | – | 38 |
| E3- 21128/11 | dt. 11/11/2014 | – | 17 |
| E3- 29483/15 | dt. 16/07/2015 | – | 14 |
| E3- 29483/15 | dt. 16/07/2015 | – | 24 |
| E3- 29483/15 | dt. 31/03/2016 | – | 35 |
| E3- 29483/15 | dt. 21/01/2016 | – | 5 |
| E3- 29483/15 | dt. 2/06/2016 | – | 5 |

-------------

ആകെ 138

Dh

ഈ വിഭാഗത്തിൽ റിപ്പോർട്ട് ചെയ്യുവാൻ 5 ഒഴിവുകൾ അവശേഷിക്കുന്നുണ്ട്.

* ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 3.02.2016 ലെ OA No 2431/14 വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ ഡിഗ്രി വിഭാഗത്തിൽ മേൽ പ്രസ്താവിച്ച വിധത്തിൽ റിപ്പോർട്ട് ചെയ്തിരുന്ന 138 ഒഴിവുകളിൽ നിന്നും SSLC വിഭാഗം PSC റാങ്ക് ലിസ്റ്റിൽ നിന്നുള്ള 55 പേരെയും ഉൾകൊള്ളിച്ചു കൊണ്ട് നിയമനം നടത്തിയിട്ടുണ്ട്. ബഹു. കോടതി ഉത്തരവിൻ പ്രകാരം ഇപ്രകാരം 55 ഒഴിവുകൾ മാറ്റപ്പെട്ട സാഹചര്യത്തിൽ ബിരുദ ക്വാട്ടയിൽ PSC യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം 83 ആയി കണക്കാക്കേണ്ടി വരും. ഇത്തരത്തിൽ നിയമനം നൽകിയ 55 പേരെ ഏത് കേഡർ സ്ട്രങ്ത്തിൽ ഉൾപ്പെടുത്തണമെന്നുള്ള വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലാണ്. സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതിൻമേൽ ഒരു അന്തിമ മറുപടി നൽകുവാൻ കഴിയുകയുള്ളൂ എന്ന് അറിയിക്കുന്നു.

7. സൂപ്പർവൈസർ തസ്തികയിൽ കാലാ കാലങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ PSC യ്ക്ക് റിപ്പോട്ട് ചെയ്യുകയാണ് ചെയ്യുന്നത്. PSC യാണ് സംവരണ ക്രമം പാലിക്കുന്നത്.
8. 31/07/2017 തീയതിയ്ക്ക് ശേഷം ഉള്ള പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി സൂക്ഷിച്ചിട്ടില്ല.

മുകളിൽ ലഭ്യമാക്കിയിരിക്കുന്ന മറുപടിയിൻമേൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം മറുപടി ലഭ്യമായി 30 ദിവസത്തിനകം അപ്പീൽ അധികാരിയെ സമീപിക്കാവുന്നതാണ്.

<u>അപ്പീൽ അധികാരിയുടെ മേൽ വിലാസം</u>

അപ്പീൽ അധികാരി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സാമൂഹ്യ നീതി ഡയറക്ടറേറ്റ്, വികാസ്ഭവൻ
5 - ാം നില, തിരുവനന്തപുരം

വിശ്വസ്തതയോടെ

S. L ശ്യാംശങ്കർ

സീനിയർ സൂപ്രണ്ട് & സ്റ്റേറ്റ്
പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

Dh